# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.510 — 18/05/2017-ൽ മറുപടിക്ക്

## കായംകുളം താപവൈദ്യുതനിലയം കെ.എസ്.ഇ.ബി. ഏറ്റെടുക്കണമെന്ന നിർദ്ദേശം

| | ചോദ്യം<br>ശ്രീ.അടൂർ പ്രകാശ്<br>,, ഷാഫി പറമ്പിൽ<br>,, സണ്ണി ജോസഫ്<br>,, വി.എസ്.ശിവകുമാർ | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ അധീനതയിലുള്ള കായംകുളം താപവൈദ്യുതനിലയം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏറ്റെടുക്കണമെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | കായംകുളം താപനിലയത്തിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 27.10.2016 ൽ പുതുക്കി നിശ്ചയിക്കുകയുണ്ടായി. ആയതിന്മേൽ സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 27.04.2017 ലെ ഉത്തരവു പ്രകാരം ചില തടസ്സവാദങ്ങൾ രേഖപ്പെടുത്തുകയും വർഷം തോറും എൻ.റ്റി.പി.സി ക്ക് നൽകുന്ന ഭീമമായ തുക കുറയ്ക്കുന്നതിനു വേണ്ടി എൻ.റ്റി.പി.സി യുമായി ചർച്ചകൾ നടത്തുവാനോ, ഇതിനു പകരമായി ഇതര നിലയങ്ങളിൽ നിന്നും വില കുറഞ്ഞ വൈദ്യുതി ലഭ്യമാക്കുവാനോ ഉള്ള നടപടികൾ സ്വീകരിക്കണമെന്നും ടി കാര്യങ്ങൾ പ്രാവർത്തികമാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ടി നിലയം കെ.എസ്.ഇ.ബി.എൽ ഏറ്റെടുക്കുന്നതിനെ കുറിച്ച് പരിശോധിക്കാൻ കെ.എസ്.ഇ.ബി.എല്ലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൻ പ്രകാരം ഫിക്സഡ് ചാർജ്ജിൽ കുറവ് വരുത്തുന്നതിനും കേന്ദ്ര ഗവൺമെന്റിൽ നിന്നും കുറഞ്ഞ വിലയ്ക്കുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്ഥിരമായി ഫിക്സഡ് |

| | | | |
|---|---|---|---|
| | | | ചാർജ്ജ് നൽകുന്നതിന് പകരമായി ഈ നിലയം കെ.എസ്.ഇ.ബി.എൽ ഏറ്റെടുക്കുന്നതിനുള്ള സാധ്യത കൂടി പരിശോധിക്കുന്നതാണ്. |
| (ബി) | കെ.എസ്.ഇ.ബി. നൽകുന്ന ഫിക്സഡ് ചാർജ്ജ് വർദ്ധിപ്പിച്ച് നൽകണമെന്ന് താപനിലയം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള റെഗുലേറ്ററി കമ്മീഷന്റെ തീരുമാനം എന്താണ്; | (ബി) | ഉണ്ട്.കെ.എസ്.ഇ.ബി.എൽ നൽകുന്ന ഫിക്സഡ് ചാർജ്ജ് വർദ്ധിപ്പിച്ചു നൽകണമെന്ന് എൻ.റ്റി.പി.സി കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിൻപ്രകാരം കമ്മീഷൻ 27.10.2016 ലെ ഉത്തരവു പ്രകാരം ഫിക്സഡ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി വാങ്ങൽ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ പരിഗണ നയിൽ ആയിരുന്നതിനാലും കെ.എസ്.ഇ.ആർ.സി യുടെ ഇപ്പോഴുള്ള ഉത്തരവ് വർദ്ധനവിന് അനുകൂലമല്ലാത്തതിനാലും ഇതുവരെ പുതുക്കിയ നിരക്കിൽ ഫിക്സഡ് ചാർജ്ജ് നൽകിയിട്ടില്ല. |
| (സി) | നാഫ്ത ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപനിലയം ഒരു യൂണിറ്റ് വൈദ്യുതിക്ക് നിലവിൽ ഈടാക്കുന്നത് എത്ര രൂപയാണ്; പുറത്തുനിന്നും ഇതിലും കുറഞ്ഞ നിരക്കിൽ ബോർഡിന് വൈദ്യുതി ലഭിക്കുന്നുണ്ടോ; എങ്കിൽ താപനിലയത്തിൽ നിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ട ആവശ്യമുണ്ടോ എന്നറിയിക്കാമോ? | (സി) | നാഫ്ത ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപ നിലയം ഒരു യൂണിറ്റ് വൈദ്യുതിയ്ക്ക് ഫിക്സഡ് ചാർജ്ജിന് പുറമെ 7.27 രൂപയാണ് ഈടാക്കുന്നത്. സംസ്ഥാന ത്തിന് പുറത്തു നിന്ന് ഇതിലും കുറഞ്ഞ വിലയ്ക്കാണ് വൈദ്യുതി ലഭിക്കുന്നത്. ആയതിനാൽ ഈ താപ നിലയത്തിൽ നിന്നുള്ള വില കൂടിയ വൈദ്യുതി വാങ്ങേണ്ട ആവശ്യം ഇപ്പോഴില്ല. എന്നാൽ ഫിക്സഡ് ചാർജ്ജ് നല്കേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ